LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 205 (ബി) പ്രകാരം സഭാ സമിതികളുടെ റിപ്പോർട്ടിൽ വിഷയമായിരുന്ന പൊതുപ്രാധാന്യമുള്ള സംഗതിയിന്മേൽ ചർച്ച ചെയ്യുന്നതിന് ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂർ നീക്കിവയ്ക്കാവുന്നതാണ്. എന്നാൽ ഈ അവസരം വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിഞ്ഞ കാലങ്ങളിൽ നമുക്ക് കഴിയാതിരുന്നത് സംബന്ധിച്ചാണ് ഡോ. എം. കെ. മുനീർ ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിനായി നോട്ടീസ് നൽകിയിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീമതി യു. പ്രതിഭയും വിഷയത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ഇവിടെ വിശദീകരിക്കുകയുണ്ടായി. ഇത്തരം ചർച്ചകൾ സഭയിൽ നടക്കേണ്ടത് സംബന്ധിച്ച സർക്കാർ നിലപാട് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ വിശദീകരിച്ചു. സർക്കാരിന് ഇക്കാര്യത്തിൽ അനുകൂല നിലപാടാണുള്ളതെന്ന് അറിയുന്നത് തികച്ചും സന്തോഷകരമായ കാര്യമാണ്. നമ്മുടെ സഭയുടെ നടപടിക്രമങ്ങളിൽ കാലികമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിനായി പന്ത്രണ്ടാം കേരള നിയമസഭയിൽ 2009-ൽ രൂപീകരിക്കപ്പെട്ട അഡ്ഹോക് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നതിനായി സഭാ നടപടി ചട്ടങ്ങളിൽ ഒരു പുതിയ വ്യവസ്ഥ ചട്ടം 205 (ബി) ആയി കൂട്ടിച്ചേർക്കപ്പെട്ടത്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, പുതിയ വ്യവസ്ഥ നിലവിൽ വന്നെങ്കിലും കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷത്തിനിടയിൽ കേവലം രണ്ട് റിപ്പോർട്ടുകൾ മാത്രമേ സഭയിൽ ചർച്ച ചെയ്യാൻ അവസരം ലഭിച്ചിട്ടുള്ളു. സഭാ ദിനങ്ങളുടെ എണ്ണം പരിമിതപ്പെട്ടതും സഭയിൽ നിർവ്വഹിക്കപ്പെടേണ്ട ഗവൺമെന്റ് ബിസിനസ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യത്തിലാണ് ഇക്കാര്യത്തിനായി വേണ്ടത്ര സമയം കണ്ടെത്താൻ കഴിയാതെ വരുന്നതെന്ന് കാണാവുന്നതാണ്. ഇക്കാര്യത്തിൽ കൂടുതൽ സമയം ലഭ്യമാകത്തക്ക വിധത്തിൽ ഇനി വരുന്ന സഭാ സമ്മേളനങ്ങളുടെ കാര്യപരിപാടികൾ ക്രമപ്പെടുത്താൻ യോജിപ്പോടുകൂടിയുള്ള ഒരു നീക്കം ഉണ്ടാകേണ്ടതുണ്ട്. അതിനായി പരിശ്രമിക്കാമെന്നാണ് ചെയറിന് ഇക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്.

## VII അറിയിപ്പ്

### ധനകാര്യ ബില്ലിന് ഭേദഗതി നൽകുന്നതിനുള്ള സമയം

മി. സ്പീക്കർ: 2021 ആഗസ്റ്റ് 12-ാം തീയതി സഭ മുമ്പാകെ വരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബില്ലുകളുടെ വകുപ്പുകൾക്കുള്ള ഭേദഗതികൾ നൽകേണ്ട അവസാന സമയം ഇന്ന് ഉച്ചകഴിഞ്ഞ്

3.00 മണി വരെയാണ് നിശ്ചയിച്ചിരുന്നത്. പ്രസ്തുത സമയം ദീർഘിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ആവശ്യമുന്നയിച്ച സാഹചര്യത്തിൽ ഭേദഗതികൾ നൽകേണ്ട സമയം ഇന്ന് വൈകുന്നേരം 6.00 മണിയായി ദീർഘിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ....

മി. സ്പീക്കർ: അങ്ങ് സമർപ്പിച്ച നോട്ടീസ് അനുവദിക്കുന്നില്ല. അത് വെള്ളിയാഴ്ച അങ്ങ് ഉന്നയിച്ചതും ഡിസ്പോസ് ചെയ്തതുമാണ്. ഭേദഗതികൾ നൽകുന്നതിനുള്ള സമയം ദീർഘിപ്പിച്ചിട്ടുണ്ട്.

## VIII ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly